"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - ദേവികുളം യാത്രി നിവാസ് - ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് തസ്തിക - ശ്രീ. രാജീവ് പി ദിവസവേതനാടിസ്ഥാനത്തിൽ തുടർന്ന കാലയളവ് - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.165/2024/TSM തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-
1. 02.12.20222 ലെ സ.ഉ.(സാധാ) നം. 448/2022/ടൂറിസം
2. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 20.11.2023 ലെ DOT/9992/2023-E4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിനോദ സഞ്ചാര വകുപ്പിന് കീഴിലുള്ള ദേവികുളം യാത്രിനിവാസിൽ തുടർനിയമനത്തിൽ കാലതാമസം നേരിട്ട സാഹചര്യത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ദിവസവേതനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിയ നടപടിയ്ക്ക് പരാമർശം (1) പ്രകാരം സാധൂകരണം നൽകിയിരുന്നു.

(2) പ്രസ്തുത ഉത്തരവ് പ്രകാരം സാധൂകരണം അനുവദിച്ച 7 ജീവനക്കാരിൽ ശ്രീമതി. അജിത വി കെ (കിച്ചൻ മേട്ടി), ശ്രീ. രാജീവ് പി (ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്), ശ്രീ. സാജു കെ സി (ലസ്ക്കർ) എന്നിവർ ജോലിയിൽ തുടർന്ന് വരുന്നു. ശ്രീ. രാജിവ് പി 31.10.2023 മുതൽ ജോലിയിൽ തുടരുന്നില്ല എന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാൽ മേൽ സൂചിപ്പിച്ച 3 വ്യക്തികളുടെ സേവനം കൂടി ദിവസ വേതനാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തിയാണ് യാത്രിനിവാസിന്റെ ദൈനംദിന കാര്യങ്ങൾ നടത്തിവരുന്നതെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുക്കുന്നു. ടി സാഹചര്യത്തിൽ ശ്രീമതി. അജിത വി കെ, ശ്രീ. രാജീവ് പി, ശ്രീ. സാജു കെ സി എന്നീ വ്യക്തികളെ ദിവസവേതനാടിസ്ഥാനത്തിൽ നിലനിർത്തിയ നടപടിയ്ക്ക് സാധൂകരണം അനുവദിക്കണമെന്നും ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേവികുളം യാത്രി നിവാസിൽ

ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് തസ്തികയിൽ ശ്രീ. രാജീവ് പി 31.10.2023 മുതൽ ജോലിയിൽ തുടരുന്നില്ലാത്തതിനാൽ ടിയാൻ ദിവസവേതനാടിസ്ഥാനത്തിൽ തുടർന്ന 31.10.2023 വരെയുള്ള കാലയളവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, തിരുവനന്തപുരം
ശ്രീ. രാജീവ് പി (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം ബി) വകുപ്പ് [18.02.2024 ലെ 2630047/വ്യയം ബി2/456/2023-ധന. നമ്പർ റിമാർക്സ് പ്രകാരം]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/336/2023-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 16-03-2024 18:01:47
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്